പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3625                25.06.2013 ൽ മറുപടിക്ക്

# കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ നിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ: | | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | കോഴിക്കോട് റെയിൽവേ സ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (എ) | ടി പദ്ധതികൾക്കായി ടെണ്ടർ ക്ഷണിക്കുകയും തുടർന്ന് സാദ്ധ്യതാ പഠനത്തിനായി M/S KITCO Ltd എറണാകുളത്തിനെ ഏല്പിക്കുകയും ചെയ്തു. ടി പഠനം പൂർത്തിയായ ശേഷം പദ്ധതിക്കുള്ള പണം സ്വരൂപിക്കുന്നത് സംബന്ധിച്ച കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെ നയപരമായ തീരുമാനങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. |
| (ബി) | അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനോടനുബന്ധിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത സ്റ്റേഷനിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | റെയിൽവേ സ്റ്റേഷന്റെ വിശദമായ സർവ്വേക്ക് ശേഷം റെയിൽവേ ഡിവിഷനുമായി കൂടിയാലോചിച്ച ശേഷമേ അധികമായി ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ ഏതൊക്കെയായിരിക്കണമെന്ന് റെയിൽവേ തീരുമാനിക്കുകയുള്ളു എന്നറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ